**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1314** **19-09-2025 - ൽ മറുപടിയ്ക്ക്**

**തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ നിയോജക മണ്ഡലത്തിലെ തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിൽ ഏനാവ് ജംഗ്ഷന് സമീപം വീതി കൂട്ടുന്ന പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുക്കുന്നതിനായി ഒരു കോടി എൺപത് ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; | (എ) | തൃപ്രയാർ കാഞ്ഞാണി ചാവക്കാട് റോഡിൽ ഏനമ്മാവ് ജംഗ്ഷൻ സമീപം വീതി കൂട്ടുന്ന പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുത്ത് പ്രവൃത്തി ചെയ്യുന്നതിന് 130 ലക്ഷം രൂപയുടെ ഭരണാനുമതിയ്ക്കായി ലഭിച്ച പ്രൊപ്പോസൽ പരിശോധിച്ചു. 130 ലക്ഷം രൂപയിൽ അധികമായി വരുന്ന 50 ലക്ഷം രൂപ ഏത് സാമ്പത്തിക വർഷത്തെ ADS -ൽ നിന്ന് വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന കാര്യത്തിൽ ബഹു. MLAയിൽ നിന്ന് വ്യക്തത വരുത്തി MLA യുടെ ശിപാർശ സഹിതം സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത 50 ലക്ഷം രൂപയുടെ ഭരണാനുമതി തൃശ്ശൂർ ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (ബി) | 2014-15 വർഷത്തെ എം.എൽ.എ.- എ. ഡി. എസ്. ഫണ്ടിൽ നിന്നും ഒരു കോടി മുപ്പതു ലക്ഷം രൂപയ്ക്ക് പുറമേയുള്ള അൻപത് ലക്ഷം രൂപ 2024-25 വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനും പ്രസ്തുത പ്രവൃത്തിക്ക് പ്രത്യേകാനുമതി ലഭിക്കുന്നതിനുമായി എം.എൽ.എ. നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ബി) | തൃപ്രയാർ കാഞ്ഞാണി ചാവക്കാട് റോഡിൽ ഏനമ്മാവ് ജംഗ്ഷൻ സമീപം വീതി കൂട്ടുന്ന പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുത്ത് പ്രവൃത്തി ചെയ്യുന്നതിന് 130 ലക്ഷം രൂപയുടെ ഭരണാനുമതിയ്ക്കായി ലഭിച്ച പ്രൊപ്പോസൽ പരിശോധിച്ചു. 130 ലക്ഷം രൂപയിൽ അധികമായി വരുന്ന 50 ലക്ഷം രൂപ ഏത് സാമ്പത്തിക വർഷത്തെ ADS -ൽ നിന്ന് വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന കാര്യത്തിൽ ബഹു. MLAയിൽ നിന്ന് വ്യക്തത വരുത്തി MLA യുടെ ശിപാർശ സഹിതം സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത 50 ലക്ഷം രൂപയുടെ ഭരണാനുമതി തൃശ്ശൂർ ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ